ആദിവാസി കോളനിയിലെ ജനങ്ങൾക്ക് ഭൂമി നൽകുന്നത്

259 (644) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട വിവിധ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് കൃഷിയ്ക്കും, വീട് വയ്ക്കുന്നതിനും ആവശ്യമായ ഭൂമി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കംപുഴ തുടങ്ങിയ ആദിവാസി കോളനികളിലെ ജനങ്ങൾക്ക് ഭൂമി നല്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് ഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിൽ 9 പേർക്ക് 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ 25 സെന്റ് ഭൂമി വീതം ആകെ 2.25 ഏക്കർ ഭൂമി 92,48,490 രൂപ ചെലവഴിച്ച് വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ 14 അപേക്ഷകളിൽ ലീഗൽ സ്റ്റഡിനി ലഭ്യമായിട്ടുണ്ട്. ആയതിൽ പർച്ചേസിംഗ് കമ്മിറ്റി ചേർന്ന് അർഹരായവർക്ക് ഭൂമി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വാച്ചുമരം, വാഴച്ചാൽ, ഷോളയാർ, പിള്ളപ്പാറ, ആനക്കയം, മുക്കുമ്പുഴ തുടങ്ങിയ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകിയിട്ടുണ്ട്. ഇനിയും തീർത്തും ഭൂമി ഇല്ലാത്തവർക്ക് നിലവിലെ 'ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂൾ

260 (645) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ട്;പ്രസ്തുത സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എത്ര ഫണ്ട് ചെലവഴിച്ചു; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവൃത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിദ്യോദയം എന്ന പദ്ധതിയിൽ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും കെട്ടിടം, ടോയ് ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കഴൽക്കിണർ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി, റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്, കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവൃത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനം നിലവിൽ ഇല്ലാത്ത 7 സ്കൂളുകളിൽ കൂടി സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്. എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നുണ്ട്.

(ബി) പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 48 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതി ടി സ്കൂളിൽ നടപ്പിലാക്കിയിട്ടുണ്ട്. സ്കൂളിന്റെ ഹയർസെക്കന്ററി വിഭാഗത്തിന്റെ ഒന്നാം നില നിർമ്മാണം നടത്തുന്നതിന് 1.15 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിരുന്നു. ഇതു സംബന്ധിച്ച പ്രവൃത്തികൾ നടന്നു വരികയാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ നവീകരണ പ്രവർത്തനത്തിനും അറ്റകുറ്റപ്പണിക്കും ക്വാർട്ടേഴ്സ് നിർമ്മാണത്തിനും വേണ്ടി 4.11 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ സഹായം

261 (646) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ ആയിരം ആദിവാസി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി രണ്ടര ലക്ഷം രൂപ വീതം സർക്കാർ നീക്കിവച്ചിരുന്നതു വിനിയോഗിച്ച് എത്ര ആദിവാസി കുടുംബങ്ങൾക്ക് പ്രസ്തുത സഹായം നൽകി എന്നുള്ള വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ 1000 പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനുവേണ്ടി രണ്ടര ലക്ഷം രൂപ വീതം നീക്കിവച്ചിരുന്നു. എന്നാൽ ടി മേഖലയിൽ 2907 വീടുകൾ നിർമ്മിക്കുന്നതിനുള്ള നടപടിയാണ് കൈക്കൊണ്ടത്. മാത്രമല്ല ടി ധനസഹായം പിന്നീട് മൂന്നരലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ

262 (647) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്ഷേമവകുപ്പ് മുഖേന ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly